2025
NOVEMBER
06
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## സീഫുഡ് കയറ്റുമതി മെച്ചപ്പെടുത്താൻ
# മൂല്യവർധിത ഉൽപാദനം വർധിപ്പിക്കണം



**കൊച്ചി:** അമേരിക്ക അധിക തീരുവ ഏർപ്പെടുത്തിയതിനെ തുടർന്ന് ഇന്ത്യയുടെ സമുദ്രോൽപന്ന കയറ്റുമതി രംഗം കടുത്ത പ്രതിസന്ധിയിലാണെന്നും പരിഹാരമായി സമുദ്രോൽപന്ന മൂല്യവർധിത ഉൽപാദനത്തിന് ഊന്നൽ നൽകണമെന്നും വിദഗ്ധർ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടക്കുന്ന നാലാമത് ആഗോള മറൈൻ സിംപോസിയത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വ്യവസായ സംഗമത്തിലാണ് നിർദേശം. അമേരിക്ക ഇന്ത്യയുടെ ചെമ്മീൻ കയറ്റുമതിയുടെ ഏറ്റവും വലിയ വിപണിയായിരുന്നു. സമുദ്രോൽപന്ന കയറ്റുമതി രംഗം പിടിച്ചു നിർത്തുന്നതിന് വിപണി വൈവിധ്യവൽകരണത്തിനും ഉൽപ്പന്നങ്ങൾക്ക് മൂല്യവർദ്ധന നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു.

2025 ഏപ്രിൽ,സെപ്റ്റംബർ മാസങ്ങളിൽ അമേരിക്കയിലേക്കുള്ള കയറ്റുമതിയിൽ ഏകദേശം 6 ശതമാനം കുറവുണ്ടായി. എന്നാൽ, ഇതേ കാലയളവിൽ ചൈന, വിയറ്റ്നാം, തായ്‌ലൻഡ് എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതിയിൽ വളർച്ചയുണ്ടായിട്ടുണ്ട്. സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുംമത്സ്യബന്ധന മേഖലയുടെ പുനരുജ്ജീവനത്തിനായി ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലും പുനഃസംസ്കരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് വ്യവസായ സംഗമം ശുപാർശ ചെയ്തു. ഗവേഷകർ, സാങ്കേതിക വിദഗ്ധർ, വ്യവസായികൾ, നയരൂപീകരണ വിദഗ്ധർ എന്നിവരുടെ കൂട്ടായ ശ്രമങ്ങളിലൂടെ മേഖലയിൽ സ്റ്റാർട്ടപ്പ് സംവിധാനം ശക്തിപ്പെടുത്തണം. സമുദ്രോൽപന്നങ്ങൾ അതേ രൂപത്തിൽ മൊത്തമായി കയറ്റുമതി ചെയ്യുന്ന രീതിയിൽ നിന്ന് മാറി, റെഡി ടു ഈറ്റ് രൂപത്തിലുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി കയറ്റുമതി ചെയ്യണം. ബ്രെഡഡ് സ്ക്വിഡ് റിംഗുകൾ, സുരിമി ഉൽപ്പന്നങ്ങൾ, ഫിഷ് ഫില്ലറ്റുകൾ എന്നിങ്ങനെ വിവിധതരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തണം. നിലവിൽ ഇന്ത്യയുടെ മൂല്യവർദ്ധിത കടൽവിഭവ കയറ്റുമതി 742 മില്യൺ യു.എസ്. ഡോളറാണ്. ഇത് ചൈന, തായ്‌ലൻഡ്, വിയറ്റ്നാം, ഇക്വഡോർ, ഇന്തോനേഷ്യ തുടങ്ങിയ പ്രധാന എതിരാളികളേക്കാൾ വളരെ പിന്നിലാണെന്നും യോഗം വിലയിരുത്തി.

ആഗോള വിപണിയിൽ മത്സരക്ഷമത വീണ്ടെടുക്കുന്നതിന് എക്സ്ക്ലൂസീവ് അക്വാകൾച്ചർ സോണുകൾ പ്രഖ്യാപിക്കാനും സ്വതന്ത്ര വ്യാപാര കരാറുകൾക്ക് വേഗത കൂട്ടാനും  വ്യവസായ സംഗമം നിർദേശിച്ചു. മത്സ്യകർഷകർ, മത്സ്യത്തൊഴിലാളികൾ, കയറ്റുമതി, ചെമ്മീൻ ഉത്പാദനം, ഫിഷ് മീൽ, അക്വാ ഫീഡുകൾ, സാഹസിക കായിക വിനോദങ്ങൾ, തീരദേശ ഇക്കോടൂറിസം തുടങ്ങിയ മേഖലകളിലെ പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു.സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ജോ ഗ്രിൻസൺ ജോർജ്, ഡോ. എ. ജെ തരകൻ, എം.പി.ഇ.ഡി.എ ഡയറക്ടർ ഡോ റാം മോഹൻ, ജോയിന്റ് ഡയറക്ടർ അനിൽകുമാർ, ഡോ. ജോ കെ. കിഴക്കൂടൻ തുടങ്ങിയവർ സംസാരിച്ചു.

## 'ഇന്ത്യ–എ.ഐ ദൗത്യം' മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി



**ന്യൂഡൽഹി:** സുരക്ഷിതവും സമഗ്രവും ഉത്തരവാദിത്തപൂർണവുമായ നിർമിതബുദ്ധി (എഐ) ഉപയോഗം എല്ലാ മേഖലകളിലും ഉറപ്പാക്കാൻ 'ഇന്ത്യ-എഐ ദൗത്യ'ത്തിന് കീഴിൽ കേന്ദ്ര ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം 'ഇന്ത്യ എഐ ഭരണനിർവഹണ മാർഗനിർദേശങ്ങൾ' പുറത്തിറക്കി. കേന്ദ്രസർക്കാറിന്റെ മുഖ്യ ശാസ്ത്ര ഉപദേശകനായ പ്രൊഫ. അജയ് കുമാർ സൂദ് മാർഗനിർദേശങ്ങൾ പ്രകാശനം ചെയ്തു. ഉത്തരവാദിത്തപൂർണമായ എഐ ഭരണനിർവഹണത്തിൽ ഇന്ത്യ  നേതൃസ്ഥാനം ശക്തിപ്പെടുത്തുന്ന പശ്ചാത്തലത്തിൽ 2026ലെ ഇന്ത്യ-എഐ ഇംപാക്റ്റ് ഉച്ചകോടിയ്ക്ക് മുന്നോടിയായിയാട്ടാണ് മാർഗനിർദേശങ്ങൾ പുറത്തിറക്കിയത്. അത്യാധുനിക നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കാനും വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടാകാനിടയുള്ള അപകടസാധ്യത ലഘൂകരിച്ച് എല്ലാവർക്കുമായി എഐ സുരക്ഷിതമായി വികസിപ്പിക്കാനും വിന്യസിക്കാനും ശക്തമായ ഭരണനിർവഹണ ചട്ടക്കൂട് ഈ മാർഗനിർദേശങ്ങളിലുണ്ട്.

ധാർമികവും ഉത്തരവാദിത്തപൂർണവുമായ എഐ ഉപയോഗത്തിന് ഏഴ് മാർഗനിർദേശക തത്വങ്ങൾ, എഐ ഭരണനിർവഹണത്തിലെ ആറ് സ്തംഭങ്ങളിലും പ്രധാന ശിപാർശകൾ, ഹ്രസ്വ,  ഇടത്തരം, ദീർഘകാല സമയപരിധികൾ രേഖപ്പെടുത്തിയ കർമപദ്ധതി, സുതാര്യവും ഉത്തരവാദിത്തപൂർണവുമായ എഐ വിന്യാസം ഉറപ്പാക്കാൻ വ്യാവസായിക മേഖലയ്ക്കും ഡെവലപ്പർമാർക്കും നിയന്ത്രണ സംവിധാനങ്ങൾക്കും പ്രായോഗിക മാർഗനിർദേശങ്ങൾ എന്നിങ്ങനെ നാല് പ്രധാന ഘടകങ്ങളാണ് ഈ ചട്ടക്കൂടിലുള്ളത്. സാധ്യമായ ഇടങ്ങളിലെല്ലാം നിലവിലെ നിയമങ്ങൾ തന്നെ ഉപയോഗിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയ സെക്രട്ടറി എസ്. കൃഷ്ണൻ പറഞ്ഞു. നൂതനാശയങ്ങൾക്കായി പരീക്ഷണവേദികളൊരുക്കുന്നതിലും സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റാവുന്ന സംവിധാനങ്ങളിലൂടെ അപകടസാധ്യത ലഘൂകരിക്കുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇന്ത്യ-എഐ ദൗത്യം ഈ മേഖലയെ ശാക്തീകരിക്കുകയും  ദക്ഷിണാർധഗോള മേഖലയിലെ നിരവധി രാജ്യങ്ങൾക്ക് പ്രചോദനമാകുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

ഒരു ദോഷവും ചെയ്യരുതെന്ന ലളിതമായ മാർഗനിർദേശ തത്വമാണ് ഈ ചട്ടക്കൂടിന്റെ മനോഭാവത്തെ നിർവചിക്കുന്നതെന്ന് ഇന്ത്യയുടെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫ. അജയ് കുമാർ സൂദ് പറഞ്ഞു. നൂതനാശയങ്ങൾക്കായി പരീക്ഷണവേദികളൊരുക്കുന്നതിലും സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റാവുന്ന സംവിധാനങ്ങളിലൂടെ അപകടസാധ്യത ലഘൂകരിക്കുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇന്ത്യ-എഐ ദൗത്യം ഈ മേഖലയെ ശാക്തീകരിക്കുകയും  ദക്ഷിണാർധഗോള മേഖലയിലെ നിരവധി രാജ്യങ്ങൾക്ക് പ്രചോദനമാകുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

# 'ഇക്ഷക്' സമുദ്രമേഖലയിൽ ഇന്ത്യയുടെ പുതിയ കാവൽ ഭടൻ

**ന്യൂഡൽഹി:** തദ്ദേശീയ ജലമാപക മികവിൽ ചരിത്രം സൃഷ്ടിച്ചു കൊണ്ട് 'ഇക്ഷക്' ഇന്ത്യൻ നാവികസേനയുടെ ഭാഗമാകുന്നു. കൃത്യത, ലക്ഷ്യബോധം, സ്വാശ്രയത്വം എന്നിവയുടെ ദീപസ്തംഭമായി ഇന്ത്യൻ സമുദ്ര മേഖലയിൽ എസ്.വി.എൽ ഇക്ഷക് മാറുമെന്നാണ് വിലയിരുത്തപ്പെടുന്നത്. സർവ്വേ വെസൽ (ലാർജ്) വിഭാഗത്തിലെ മൂന്നാമത്തെയും ദക്ഷിണ നാവിക കമാൻഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള ആദ്യത്തേതുമായ കപ്പലാണിത്. കൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ്






ആൻഡ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് നിർമ്മിച്ച ഇക്ഷക് കപ്പൽ നിർമ്മാണത്തിൽ ഇന്ത്യയുടെ വളരുന്ന സ്വയംപര്യാപ്തതയുടെ തിളക്കമാർന്ന ഉദാഹരണമായിട്ടാണ് ചൂണ്ടികാണിക്കപ്പെടുന്നത്.

കപ്പലിന്റെ 80% ത്തിലധികം തദ്ദേശീയമായി നിർമ്മിച്ചതാണ്. സംസ്കൃതത്തിൽ 'വഴികാട്ടി' എന്നർത്ഥം വരുന്ന 'ഇക്ഷക്' എന്ന പേര്, കൃത്യതയുടെയും ലക്ഷ്യബോധത്തിന്റെയും കാവൽഭടൻ എന്ന നിലയിലുള്ള കപ്പലിന്റെ പങ്കിനെയാണ് എടുത്തു കാട്ടുന്നത്. തുറമുഖങ്ങൾ, നാവിഗേഷൻ ചാനലുകൾ എന്നിവയുടെ തീരദേശ, ആഴക്കടൽ  ജലമാപക സർവ്വേകൾ പൂർണ്ണ തോതിൽ നടത്തുന്നതിനാണ് കപ്പൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സുരക്ഷിതമായ സമുദ്ര സഞ്ചാരം ഉറപ്പാക്കുന്നതിനും ഇന്ത്യയുടെ സമുദ്ര സുരക്ഷാ ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിനും ഇത് സഹായകമാകും. ഹൈറെസല്യൂഷൻ മൾട്ടിബീം എക്കോ സൗണ്ടർ, ഓട്ടോണമസ് അണ്ടർ വാട്ടർ വെഹിക്കിൾ, റിമോട്ട്ലി ഓപ്പറേറ്റഡ് വെഹിക്കിൾ, നാല് സർവേ മോട്ടോർ ബോട്ടുകൾ എന്നിവയുൾപ്പെടെ അത്യാധുനിക ഹൈഡ്രോഗ്രാഫിക്, സമുദ്രശാസ്ത്ര ഉപകരണങ്ങൾ കൊണ്ട് സജ്ജീകരിച്ചിരിക്കുന്ന ഇക്ഷക്, നാവികസേനയ്ക്ക് സമാനതകളില്ലാത്ത വൈവിധ്യവും ശേഷിയും പകർന്നു നൽകുന്നു. കപ്പലിൽ ഒരു ഹെലികോപ്റ്റർ ഡെക്കും ഘടിപ്പിച്ചിട്ടുണ്ട്.

ഇന്ത്യൻ നാവികസേനയുടെ സർവ്വേ, ചാർട്ടിംഗ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിരന്തര ശ്രമങ്ങളിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് ഇക്ഷക് കമ്മീഷൻ ചെയ്യുന്നതോടെ പിന്നിടുന്നത്. തദ്ദേശീയ ശേഷിയുടെയും സാങ്കേതിക മികവിന്റെയും സമുദ്ര നിരീക്ഷണത്തിന്റെയും പ്രതീകമായി രാജ്യത്തെ സേവിക്കാൻ ഇക്ഷക് പൂർണ്ണ സജ്ജമാണ്  അജ്ഞാത സമുദ്രമേഖലകളെക്കുറിച്ച് രേഖപ്പെടുത്തുകയും, നാവികർക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുകയും, ഇന്ത്യയുടെ സമുദ്രശേഷി ശക്തിപ്പെടുത്തുകയുമാണ് ഇക്ഷകിന്റെ ദൗത്യം. ഇന്ന് കൊച്ചി നേവൽ ബേസിൽ നടക്കുന്ന ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠിയുടെ സാന്നിധ്യത്തിൽ കപ്പൽ ഔദ്യോഗികമായി സൈനിക സേവനത്തിന്റെ ഭാഗമാകും.

# വായന ശാലകൾക്ക് വാക്വം ക്ലീനർ നൽകി



**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് 2025-2026 വാർഷിക പദ്ധതിയുടെ ഭാഗമായി 189 വായനശാലകൾക്ക് വാക്വം ക്ലീനറുകൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന ചടങ്ങ് സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം. സി. ദിലീപ് കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 189 വായനശാലകൾക്ക് ജില്ലാ പഞ്ചായത്ത് ലാപ് ടോപ്പ്, പ്രൊജക്ടർ, സൗണ്ട് സിസ്റ്റം എന്നിവ നൽകിയിരുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ് , സ്ഥിരം സമിതി അധ്യക്ഷരായ എം. ജെ. ജോമി, ആശ സനിൽ, സനിത റഹീം, കെ. ജി ഡോണോ, മുൻ പ്രസിഡന്റ് ഉല്ലാസ് തോമസ്, എ. എസ്. അനിൽ കുമാർ , ഷൈനി ജോർജ് , ശാരദ മോഹൻ , സെക്രട്ടറി പി. എം ഷെഫീക്ക് എന്നിവർ പങ്കെടുത്തു.

## കവിതാലാപന മത്സരം സംഘടിപ്പിച്ചു



**കൊച്ചി:** ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും സംയുക്തമായി സംഘടിപ്പിച്ച കവിതാലാപന മത്സരം ശ്രദ്ധേയമായി. വിവിധ വകുപ്പുകളിലെ ജീവനക്കാർ പങ്കെടുത്ത മത്സരത്തിൽ ലേബർ ഓഫീസ് ജീവനക്കാരിയായ ധന്യ മുകുന്ദനും സൗത്ത് ഏഴിപ്പുറം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക വി. എ അഞ്ജലിയും ഒന്നാം സ്ഥാനം പങ്കിട്ടു.

കൃഷിവകുപ്പ് ജീവനക്കാരിയായ അയന വേണുഗോപാൽ, തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിലെ അധ്യാപിക ഡോ. ടി. രശ്മി എന്നിവർ രണ്ടാം സ്ഥാനവും പങ്കിട്ടു. ലേബർ ഓഫീസ് ജീവനക്കാരനായ എം. വി സാബു മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിവിധ വകുപ്പുകളിൽ നിന്നായി 29 പേരാണ് മത്സരത്തിൽ പങ്കെടുത്തത്. ആകാശവാണി അവതാരകനായ ടി പി വിവേക് ആയിരുന്നു മത്സരത്തിന്റെ വിധികർത്താവ്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബി ബിജു, ഭരണഭാഷ വാരാഘോഷം പരിപാടി ഏകോപകൻ മജു മനോജ് എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.

## ജയ്ഹിന്ദ് മൈതാനം തുറന്നു കൊടുത്തു

**കൊച്ചി:** നവീകരിച്ച ഞാറക്കൽ ജയ്ഹിന്ദ് മൈതാനം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്ത് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ ഓൺലൈനായി ഉദ്ഘാടനം നിർവഹിച്ചു.അടുത്തഘട്ടത്തിൽ മൈതാനത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാന സർക്കാരിന്റെ കായിക നയത്തിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായാണ് ജയ്ഹിന്ദ് മൈതാനം നവീകരിച്ചതെന്നും വ്യക്തമാക്കി. ചടങ്ങിൽ കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. പരിപാടിയോട് അനുബന്ധിച്ച് നടന്ന ഷൂട്ടൗട്ട് മത്സരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. നിബിൻ ഉദ്ഘാടനം ചെയ്തു.

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി രാജു, ജില്ലാ പഞ്ചായത്ത് അംഗം എം.ബി ഷൈനി, സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ പി.കെ അനിൽകുമാർ, മുൻ ദേശീയ ഫുട്ബോൾ താരം സി.വി സിന, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എ.എസ് നവ്യ തുടങ്ങിയവർ പങ്കെടുത്തു. വൈപ്പിൻ കരയുടെ ദീർഘകാലമായുള്ള ആവശ്യമായിരുന്നു മൈതാനത്തിന്റെ നവീകരണം. ഒരു കോടി രൂപ ചെലവഴിച്ചാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. ഇതിൽ 50 ലക്ഷം രൂപ കായിക വകുപ്പിൽ നിന്നും 50 ലക്ഷം രൂപ കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്. ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയ കായിക മത്സരങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള മൾട്ടിപർപ്പസ് മഡ് കോർട്ട്, ക്രിക്കറ്റ് പരിശീലന പിച്ച്, ഫെൻസിംഗ്, ഡ്രെയിനേജ്, നടപ്പാത തുടങ്ങിയ സജ്ജീകരണങ്ങളോടെയാണ് സ്റ്റേഡിയത്തിന്റെ നവീകരണം പൂർത്തിയായത്.

# ‘പാർകൊച്ചി’ പദ്ധതിയ്ക്ക് തുടക്കമായി; ഇനി പാർക്കിംഗ് അനായാസമാക്കും

**കൊച്ചി:** കൊച്ചി നഗരത്തിൽ അച്ചടക്കത്തോടെയുള്ള പാർക്കിംഗ് സംവിധാനം ഉറപ്പുവരുത്തുകയെന്നത് ലക്ഷ്യമിട്ട് ‘പാർകൊച്ചി’ പദ്ധതിയ്ക്ക് തുടക്കമായി. ഗതാഗത വകുപ്പ് മന്ത്രി കെ.ബി ഗണേഷ് കുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. പദ്ധതി വഴി നഗരത്തിലെ പാർക്കിംഗ് കുറ്റമറ്റതാക്കാൻ സാധിക്കുമെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു. നഗരം വളരുമ്പോൾ പാർക്കിംഗ് പ്രശ്നങ്ങളും വർധിക്കും. അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പദ്ധതിയിലൂടെ സാധിക്കും . ഇത് ഒരു തുടക്കം മാത്രമാണ്. പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ ആപ്ലിക്കേഷനിലൂടെ പാർക്കിംഗ് സ്ഥിതിവിവരങ്ങൾ, പാർക്കിംഗ് ലോട്ടുകൾ എന്നിവ അറിയാനും സ്മാർട്ട് പേയ്മെന്റ് സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ പാർക്ക് ചെയ്യാനും സാധിക്കും.

പാർക്കിംഗ് ലോട്ടുകൾ സ്വകാര്യമായും പ്രവർത്തിക്കാം. അതേസമയം എത്ര ദിവസം വാഹനം പാർക്ക് ചെയ്തോ അത്രയും ദിവസത്തെ പാർക്കിംഗ് ഫീസ് ഫൈനിനൊപ്പം അടക്കേണ്ടിവരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായാണ് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് , കൊച്ചി കോർപ്പറേഷൻ, കൊച്ചി മെട്രോപോളിറ്റിൻ ട്രാൻസ്പോർട്ട് അതോറിറ്റി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കൊച്ചി മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ജിസിഡിഎ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സ്മാർട്ട് പാർക്കിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നത്. 4.81 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ‘പാർകൊച്ചി’മൊബൈൽ ആപ്പ് വഴി പാർക്കിംഗ് സ്ഥലങ്ങളുടെ വിവരങ്ങൾ, തെരഞ്ഞെടുത്ത സ്ഥലത്ത് പാർക്ക് ചെയ്യാനുള്ള ഇടങ്ങളുടെ എണ്ണം ഉൾപ്പെടെ അറിയാനാകും.

വാഹനം പാർക്ക് ചെയ്യുന്ന സ്ഥലം, കാറിന്റെ നമ്പർ, സമയം എന്നിവ നൽകി ബുക്ക് ചെയ്യണം. ഒപ്പം പണവും അടയ്ക്കാം. പാർക്കിംഗ് സ്ഥലത്ത് എത്തി ടിക്കറ്റിങ് മെഷീൻ വഴി പണമടച്ചും പാർക്ക് ചെയ്യാനുള്ള സൗകര്യവുമുണ്ട്. സിഎസ്എംഎൽ കൺട്രോൾ റൂമിൽ നടന്ന ചടങ്ങിൽ മേയർ അഡ്വ. എം അനിൽകുമാർ അധ്യക്ഷനായി. ഹൈബി ഈഡൻ എം. പി, ഹാരിസ് ബീരാൻ എം. പി, ടി ജെ വിനോദ് എംഎൽഎ, ജലഗതാഗതവകുപ്പ് ഡയറക്ടർ ഷാജി വി നായർ, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള തുടങ്ങിയവർ പങ്കെടുത്തു.

# സെൻസസ് ഡാറ്റ സാമൂഹ്യ വികസനത്തിന്റെ കണ്ണാടി



കൊച്ചി : ഒരു സമൂഹം എത്രമാത്രം പുരോഗതി കൈവരിച്ചു എന്നതിന്റെ നേർചിത്രമാണ് സെൻസസ് ഡാറ്റയെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക. സെൻസസ് ഡാറ്റാ ഒരു ആധികാരിക രേഖയാണെന്നും, അതിനെ മുൻനിർത്തിയാണ് മുന്നോട്ടുള്ള പല പദ്ധതികളും ആവിഷ്കരിക്കുകയെന്നും ജില്ലാ കളക്ടർ പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സെൻസസ് സെൻസസ് 2027 ന് മുന്നോടിയായി കൊച്ചി കോർപ്പറേഷൻ ഒന്ന്, രണ്ട്, മൂന്ന്, നാല് വാർഡുകളിൽ നവംബർ 10 മുതൽ 30 വരെ നടക്കുന്ന പ്രീ ടെസ്റ്റിനു വേണ്ടി നിയമിക്കപ്പെട്ട എന്യൂമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കുമുള്ള പരിശീലന പരിപാടിയിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

പ്രീ ടെസ്റ്റിനായി തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ വോട്ടർമാർക്ക് നവംബർ എഴ് വരെ സെൽഫ് എന്യൂമറേഷൻ പോർട്ടൽ വഴി സെൻസസ് വിവരങ്ങൾ സ്വന്തമായി സമർപ്പിക്കാനുള്ള അവസരം ഉണ്ടായിരിക്കും. കൊച്ചി കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ വോട്ടർമാർ സെൻസസ് പ്രീ ടെസ്റ്റ് നടപടികളുമായി സഹകരിക്കണമെന്ന് എറണാകുളം ജില്ലാ പ്രിൻസിപ്പൽ സെൻസസ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പറഞ്ഞു. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയാണ് ചാർജ് ഓഫീസർ.

‘സെൻസസ് 2027’ ന്റെ ആദ്യഘട്ടമായി വീടുകളുടെ വിവരണ ശേഖരണമാണ് നടക്കുക. ഫോർട്ട്കൊച്ചി മഹാകവി പള്ളത്തുരാമൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നവംബർ ആറിന് അവസാനിക്കും.

# മൂന്ന് മെഡിക്കൽ കോളേജുകൾക്ക് പുതിയ കാത്ത് ലാബുകൾ

**തിരുവനന്തപുരം:** ആലപ്പുഴ, എറണാകുളം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതിയ കാത്ത് ലാബുകൾ സ്ഥാപിക്കുന്നതിന് 44.30 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആലപ്പുഴ മെഡിക്കൽ കോളേജിന് 14.31 കോടി രൂപയും എറണാകുളം മെഡിക്കൽ കോളേജിന് 14.99 കോടി രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിന് 15 കോടി രൂപയുമാണ് അനുവദിച്ചത്. നൂതന ഹൃദ്രോഗ ചികിത്സയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്.

സംസ്ഥാനത്ത് പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിൽ 12 ആശുപത്രികളിൽ കാത്ത് ലാബ് സജ്ജമാക്കിയിട്ടുണ്ട്. ഇടുക്കിയിൽ കൂടി കാത്ത് ലാബ് സ്ഥാപിക്കുന്നതോടെ എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറും.

ആലപ്പുഴ ജില്ലയിലെ സർക്കാർ മേഖലയിലെ ഒരേയൊരു കാത്ത് ലാബാണ് ആലപ്പുഴ മെഡിക്കൽ കോളേജിലുള്ളത്. രണ്ട് വർഷം കൊണ്ട് 5,000ലധികം കാർഡിയാക് പ്രൊസീജിയറുകളാണ് ചെയ്തത്. രോഗികളുടെ ബാഹുല്യം കൊണ്ടാണ് പുതിയ കാത്ത് ലാബ് അനുവദിച്ചത്. കാത്ത് ലാബ്, 20 കിടക്കകളുള്ള പോസ്റ്റ് കാത്ത് ഐസിയു, ടിഎംടി മെഷീൻ, ടെമ്പററി പേസ് മേക്കർ, 5 വെന്റിലേറ്ററുകൾ, 20 ഐസിയു കിടക്കകൾ, എക്കോ മെഷീൻ, വിവിധ ഉപകരണങ്ങൾ തുടങ്ങിയവയ്ക്കായാണ് തുകയനുവദിച്ചത്. എറണാകുളം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനായാണ് പുതുതായി കാത്ത് ലാബ് അനുവദിച്ചത്.

കാത്ത് ലാബ്, 20 കിടക്കകളുള്ള പോസ്റ്റ് കാത്ത് ഐസിയു, ടെമ്പററി പേസ് മേക്കർ, 5 വെന്റിലേറ്റർ, എക്കോ മെഷീൻ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, പോർട്ടബിൾ എക്കോ മെഷീൻ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായാണ് തുക അനുവദിച്ചത്. കേരളത്തിൽ ഏറ്റവും കൂടുതൽ കാർഡിയോ ഇന്റർവെൻഷൻ ചെയ്യുന്ന ആശുപത്രിയാണ് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്.

കൂടുതൽ രോഗികൾക്ക് സഹായകമാകാനാണ് പുതുതായി ഒരു കാത്ത് ലാബ് കൂടി സ്ഥാപിക്കുന്നത്. അഡ്വാൻസ്ഡ് കാത്ത് ലാബ്, എക്കോ മെഷീൻ, കാർഡിയാക് 3 ഡി മാപ്പിംഗ് സിംസ്റ്റം, 15 ഐസിയു കിടക്കകൾ, 15 കാർഡിയാക് മോണിറ്റർ, 3 വെന്റിലേറ്റർ, എമർജൻസി ട്രോമ കോട്ട് മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായാണ് തുക അനുവദിച്ചത്.

# കേരളത്തിൽ നൈപുണ്യ വികസനത്തിന് വികേന്ദ്രീകൃത മാതൃക നടപ്പാക്കുന്നു

**തിരുവനന്തപുരം:** രാജ്യത്ത് ആദ്യമായി നൈപുണ്യ വികസനത്തിന് വികേന്ദ്രീകൃത മാതൃക സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതായി തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓരോ ജില്ലയെയും പ്രത്യേക ലേബർ മാർക്കറ്റായി പരിഗണിച്ച് പ്രാദേശിക സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പാക്കുന്ന വിധത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. എല്ലാ സർക്കാർ വകുപ്പുകളെയും ഏകോപിപ്പിച്ച്, സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിക്കുന്നതിനുള്ള ബൃഹത് പദ്ധതി സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര നൈപുണ്യ വികസന മന്ത്രി ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുമെന്നും മന്ത്രി അറിയിച്ചു. സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ കെയ്സിൽ അക്രെഡിറ്റ് ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ പോളിസി തയ്യാറാക്കി കെയ്സ് ഭരണസമിതി അംഗീകാരം നൽകി. ഈ അക്രഡിക്കേഷൻ പോളിസി നടപ്പിലാക്കുന്നതിലൂടെ സ്വകാര്യ നൈപുണ്യ പരിശീലന രംഗത്ത് അനുഭവസമ്പത്തും വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും പ്രയോജനപ്പെടുത്തി നൈപുണ്യ പരിശീലനം മികച്ച രീതിയിൽ ഏകോപിപ്പിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

കേന്ദ്ര നൈപുണ്യവും സംരംഭകത്വവും വകുപ്പും കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും സംയുക്തമായി രാജ്യത്ത് ആദ്യമായി മെട്രോ ആൻഡ് റെയിൽ ടെക്നോളജി മേഖലയിൽ ദേശീയ പരിശീലന സ്ഥാപനം ആരംഭിക്കും. കൊട്ടാരക്കരയിൽ ഡ്രോൺ ടെക്നോളജിയിൽ ഐഐടി പാലക്കാട്, നീലിറ്റ് എന്നിവയുമായി സഹകരിച്ച് മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആൻഡ് ടെലി കമ്മ്യൂണിക്കേഷന്റെ സഹകരണത്തോടെ പരിശീലനം നൽകും. 2026 മാർച്ച് മാസത്തിനകം പ്രവർത്തനക്ഷമമാകും വിധം തിരുവനന്തപുരത്ത് കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ സ്കിൽ ഇന്ത്യാ ഇന്റർനാഷണൽ സെന്ററും മൈഗ്രേഷൻ സെന്ററും സ്ഥാപിക്കും. തിരുവനന്തപുരത്തും കൊച്ചിയിലും കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയവും സംസ്ഥാന നൈപുണ്യ വികസന മിഷനും സംയുക്തമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജസ് സ്ഥാപിക്കും. കൊച്ചിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജസ് 2026 ജനുവരി മാസത്തിനകം ഉദ്ഘാടനത്തിന് തയ്യാറാകും. വിദേശ ഭാഷാ പരിശീലനത്തിന്റെ ഗുണനിലവാരവും സർട്ടിഫിക്കേഷൻ സൗകര്യങ്ങളും ഉറപ്പു വരുത്തി ജർമ്മൻ ഭാഷാ പരിശീലന സർട്ടിഫിക്കേഷൻ സ്ഥാപനങ്ങളായ ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട്, ഒ.എസ്.ഡി., എന്നിവയുമായി സഹകരിച്ച് സ്വകാര്യ ഭാഷാ പരിശീലന സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദേശ



ഭാഷാ പരിശീലനത്തിന്റെ നിലവാരം ഉറപ്പിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിൽ വരുത്തും.

ഡിസംബർ 12ന് ഇതുസംബന്ധിച്ച കരാറിൽ ജർമ്മൻ അംബാസിഡറുടെ സാന്നിദ്ധ്യത്തിൽ സംസ്ഥാന നൈപുണ്യ വികസന മിഷനും ഗോഥെ ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ ഏർപ്പെടും. ജർമ്മനിയിൽ ഒരു ലക്ഷം രൂപ പ്രതിമാസ സ്റ്റൈപ്പന്റോടെ വൊക്കേഷണൽ ട്രെയിനിംഗ് പരിശീലനത്തിന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സാമൂഹിക വിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കായി രാജ്യത്ത് ആദ്യമായി ഇൻഡോ ജർമ്മൻ ട്രെയിനിംഗ് ഫെയർ സംഘടിപ്പിക്കുന്നു. 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ട്രെയിനിംഗ് ഫെയർ പൂർത്തീകരിച്ച് വിദ്യാർത്ഥികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ് അവസരം ഉറപ്പാക്കുന്നതിനുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ മികച്ച നൈപുണ്യ ശേഷിയുള്ള ഉദ്യോഗാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള തൊഴിൽ അവസരങ്ങൾ പ്രാദേശിക തലത്തിൽ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കും. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുന്നതിന് ജർമ്മൻ സംഘം താൽപര്യപത്രം സമർപ്പിച്ചു. ജർമ്മനിയിലെ ഫ്രാൻക്ഫെർട്ട് നഗരം ഉൾപ്പെടുന്ന ഹെസൻ എന്ന സംസ്ഥാനത്തെ കേരളത്തിന്റെ സഹോദര സംസ്ഥാനമാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ പൂർത്തീകരിച്ചു. 2026 ജനുവരി മാസത്തിനുള്ളിൽ കേരളവും ജർമ്മൻ സംസ്ഥാനമായ ഹെസനുമായി സഹോദര സംസ്ഥാനം എന്ന കരാർ സാക്ഷാത്കരിക്കുവാൻ സാധിക്കും. ഇതുവഴി സാങ്കേതിക രംഗത്തും സാമ്പത്തികരംഗത്തും മാനവ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിലും പരസ്പരം സഹകരിക്കുന്നതിനും സാധിക്കുമെന്നും മന്ത്രി അറിയിച്ചു.

## ദേശീയ നൃത്തോത്സവം 'ഭാവ് 2025' നവംബർ 22 മുതൽ

**കൊച്ചി:** കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദേശീയ നൃത്തോത്സവം 'ഭാവ്' മൂന്നാം എഡിഷൻ നവംബർ 22 മുതൽ നവംബർ 26 വരെ എറണാകുളം ടൗൺ ഹാളിൽ നടക്കും. നൃത്തോൽസവത്തിന് തിരശ്ശീല ഉയർത്തിക്കൊണ്ട് ഒന്നാം ദിവസം സിനിമാതാരവും നർത്തകിയുമായ നവ്യ നായരും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം വൈകിട്ട് 6:00 മുതൽ 7:30 വരെ അരങ്ങേറും.


രണ്ടാം ദിവസമായ നവംബർ 23 ന് ഉച്ചക്ക് 2:00 മുതൽ 3:00 വരെ കലാമണ്ഡലം മോഹന തുളസിയും സംഘവും അവതരിപ്പിക്കുന്ന കുച്ചിപ്പുടി, വൈകിട്ട് 3:15 മുതൽ 4:15 വരെ കലാക്ഷേത്ര രൂപീക ജൂലിയനും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം, വൈകിട്ട് 4:30 മുതൽ 5:30 വരെ ജംഷീന ജമാൽ അവതരിപ്പിക്കുന്ന മോഹിനിയാട്ടം, വൈകിട്ട് 5:45 മുതൽ 6:45 വരെ ദീപ കർത്ത അവതരിപ്പിക്കുന്ന ഭരതനാട്യം, വൈകിട്ട് 7:00 മുതൽ 8:30 വരെ അശ്വതി ശ്രീകാന്ത് അവതരിപ്പിക്കുന്ന ഭരതനാട്യം എന്നിവ അരങ്ങേറും.

മൂന്നാം ദിവസം വൈകിട്ട് 6:00 മുതൽ 7:30 വരെ മേധ ഹരി അവതരിപ്പിക്കുന്ന ഭരതനാട്യം അരങ്ങേറും. നാലാം ദിവസം വൈകിട്ട് 6:00 മുതൽ 7:30 വരെ അഭിനയ നാഗജ്യോതിയും സംഘവും അവതരിപ്പിക്കുന്ന കുച്ചിപ്പുടി അരങ്ങേറും.അഞ്ചാം ദിവസം വൈകിട്ട് 6:00 മുതൽ 7:30 വരെ നവ്യ നടരാജനും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം അരങ്ങേറും.

## ശിൽപ്പശാല ഇന്ന്

**കൊച്ചി:** മസ്തിഷ്ക മരണ നിർണയം അവയവ ദാനം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് എറണാകുളം ജനറൽ ആശുപത്രിയിൽ ഇന്ന് ശിൽപ്പശാല സംഘടിപ്പിക്കും. വിവിധ ക്ലിനിക്കൽ പരിശോധനകൾ, മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള പരിശോധനകൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

# സമൃദ്ധി @ കൊച്ചി ഇനി ഫോർട്ടു കൊച്ചിയിലും



**കൊച്ചി:** കൊച്ചി നഗരസഭയുടെ നേതൃത്വത്തിലുള്ള സമൃദ്ധി ഹോട്ടലിന്റെ നാലാമത്തെ സ്ഥാപനം ഫോർട്ട് കൊച്ചിയിൽ ആരംഭിച്ചു. ഫോർട്ട് കൊച്ചി റോ റോ ജെട്ടിയോടു ചേർന്നുള്ള കെട്ടിടത്തിൽ പുതിയ സമൃദ്ധിയുടെ പ്രവർത്തനം തുടങ്ങിയത്. കൊച്ചി എം.എൽ.എ കെ. ജെ മാക്സി ഉദ്ഘാടനം ചെയ്തു.കൊച്ചി നഗരത്തിൽ നോർത്ത് പരമാര റോഡിൽ ആരംഭിച്ച സമൃദ്ധി@കൊച്ചി രാജ്യശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ജിസിഡിഎ , ഷിപ്പ് യാർഡ്, റെയിൽവേ തുടങ്ങിയ സ്ഥാപനങ്ങളിലും സമൃദ്ധിയുടെ പ്രവർത്തനം ഇതിനോടകം തുടങ്ങിയിരുന്നു.

മിതമായ വിലയ്ക്ക് മികച്ച ഭക്ഷണം നൽകുന്ന മാതൃകാസംരംഭം ഇപ്പോൾ ഫോർട്ട് കൊച്ചിയിലും തുടങ്ങുകയാണെന്ന് കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു. 2021 ഒക്ടോബറിൽ പ്രവർത്തനമാരംഭിച്ച സമൃദ്ധി, നാല് വർഷം പിന്നിടുമ്പോൾ , നാലാമത്തെ സ്ഥാപനം തുറന്നു എന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്. സാധാരണക്കാർക്ക് ഉപകാരപ്രദമാകുന്നതിനൊപ്പം ആഭ്യന്തര, വിദേശ സഞ്ചാരികളെക്കൂടി ലക്ഷ്യമിട്ടാകും , കൊച്ചി സമൃദ്ധിയുടെ പ്രവർത്തനം. 20 രൂപയ്ക്കുള്ള സമൃദ്ധി ഊണ് ഇവിടെ നൽകും. തുടർന്നുള്ള ദിവസങ്ങളിൽ മറ്റു വിഭവങ്ങളും ലഭ്യമാക്കും. കൊച്ചി നിവാസികൾക്ക് രുചിയേറിയ ഭക്ഷണം , കുറഞ്ഞ നിരക്കിൽ നൽകുന്നതിനൊപ്പം, വനിതകൾക്ക് തൊഴിലവസരം പ്രദാനം ചെയ്യുന്നതിനും പുതിയ സ്ഥാപനത്തിന് കഴിയും.

14 കുടുംബശ്രീ വനിതകളുമായി തുടങ്ങിയ സ്ഥാപനത്തിൽ ഇന്ന് ഇരുന്നൂറിലധികം പേർ ജോലി ചെയ്യുന്നുണ്ട്. പരമാര റോഡിലെ സമൃദ്ധിയിൽ തയ്യാറാക്കുന്ന ഭക്ഷണം ഫോർട്ട് കൊച്ചിയിൽ എത്തിച്ച് വിതരണം ചെയ്യാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. പിന്നീട് ഫോർട്ട് കൊച്ചിയിൽ ത്തന്നെ പാചകം ആരംഭിക്കും. ജീവനക്കാർക്കുള്ള പരിശീലനം പൂർത്തിയാക്കി. പൈതൃകനഗരവും പ്രധാന വിനോദസഞ്ചാരകേന്ദ്രവും വിവിധ ഭക്ഷ്യ സംസ്കാരങ്ങളുടെ സംഗമഭൂമിയുമായ ഫോർട്ട് കൊച്ചിയിൽ, ഇനി കാഴ്ചകൾ ആസ്വദിച്ച് രുചികരമായ ഭക്ഷണം കഴിക്കാമെന്നും മേയർ പറഞ്ഞു.

# പള്ളുരുത്തിയിൽ വനിതകളുടെ നേതൃത്വത്തിൽ കയാക്കിങ് സെന്റർ



**കൊച്ചി:** പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ വനിതകളുടെ നേതൃത്വത്തിൽ കയാക്കിങ് സെന്റർ പ്രവർത്തനമാരംഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി ഉദ്ഘാടനം നിർവഹിച്ചു. വനിത ഗ്രൂപ്പുകൾക്ക് വ്യവസായം ആരംഭിക്കാൻ സഹായം നൽകുന്ന പദ്ധതിയുടെ ഭാഗമായി എ. എം ശ്രീലക്ഷമി , കുമാരി എന്നിവരുടെ നേതൃത്വത്തിലുള്ള കോസ്റ്റൽ ക്രൂയിസ് ഗ്രൂപ്പാണ് സെന്റർ ആരംഭിച്ചത്. 75% സബ്സിഡിയോടെ ലഭിച്ച ലോൺ ഉപയോഗിച്ചാണ് കയാക്കിങ് സെന്റർ ആരംഭിച്ചത്.

ആറ് ലക്ഷം രൂപയുടെ പദ്ധതിയാണിത്. 12 കയാക്കുകൾ, തുഴകൾ, ലൈഫ് ജാക്കറ്റ്, കയാക്ക് ജെട്ടി എന്നിവയാണ് സെന്ററിലുള്ളത്. ചടങ്ങിൽ വൈസ് പ്രസിഡന്റ് ജോബി പനക്കൽ അധ്യക്ഷത വഹിച്ചു. കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ് രാധാകൃഷ്ണൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ജെംസി ബിജു, ടി. ആർ രാഹുൽ , ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ജോളി പൗവ്വത്തിൽ, കെ. കെ സെൽവരാജൻ, നിത സുനിൽ, സിന്ധു ജോഷി, ഷീബ ജേക്കബ്, ജോസ് വർക്കി, അഫ്സൽ നമ്പ്യാരത്ത്, മിനി അജയഘോഷ്, കെ. ടി സത്യൻ ,ടി. എസ് സജിത് എന്നിവർ പങ്കെടുത്തു.

# ഫെഡറൽ ബാങ്ക് സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ ഈ വിദ്യാഭ്യാസ വർഷത്തെ സ്കോളർഷിപ്പുകൾക്കായി അപേക്ഷ ക്ഷണിച്ചു. ബാങ്കിന്റെ സ്ഥാപകനായ കെ.പി ഹോർമിസിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ സ്കോളർഷിപ്പിന് എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.വി.എസ്.സി, ബിഇ/ ബിടെക്/ ബിആർക്, ബി.എസ്.സി നേഴ്സിങ്, ബി.എസ്.സി അഗ്രികൾച്ചർ, എം.ബി.എ/ പി.ജി.ഡി.എം (ഫുൾടൈം) എന്നീ കോഴ്സുകളിൽ 2025–26 വർഷത്തിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷകർ ആന്ധ്രാ പ്രദേശ്, ഗുജറാത്ത്, കർണാടക, കേരളം, മഹാരാഷ്ട്ര, തമിഴ്നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽ ഒന്നിലെ സ്വദേശികളായിരിക്കണം. വീരമൃത്യു വരിച്ച സായുധ സേനാംഗങ്ങളുടെ ആശ്രിതർ, കാഴ്ച-സംസാര-കേൾവി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ തുടങ്ങിയവർക്കും അപേക്ഷിക്കാവുന്നതാണ്.

ട്യൂഷൻ ഫീസും മറ്റ് ചെലവുകളും ഉൾപ്പെടെ പ്രതിവർഷം പരമാവധി ഒരു ലക്ഷം രൂപ വരെ സ്കോളർഷിപ്പായി ലഭിക്കും. കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്നുലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. സേവനത്തിലിരിക്കെ മരിച്ച ജവാന്മാരുടെ ആശ്രിതർക്ക് വാർഷിക വരുമാന വ്യവസ്ഥ ബാധകമല്ല.

'അവസരങ്ങളിലേക്കുള്ള വാതിൽ തുറക്കുകയും വിയോജിപ്പുകളെ കൂട്ടിയിണക്കുകയും ചെയ്യുന്ന വിദ്യാഭ്യാസം, സാഹചര്യങ്ങൾക്കപ്പുറം കഴിവ് വിജയത്തെ നിർവചിക്കുന്ന ഭാവിയെ രൂപപ്പെടുത്തുകയും ചെയ്യുന്നു. പഠിക്കാനും വളരാനും രാഷ്ട്രത്തിന്റെ പുരോഗതിക്കു സംഭാവന നൽകാനുമുള്ള അവസരം ഇന്ത്യയിലെ ഊർജ്ജസ്വലരായ യുവജനതയ്ക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്താനുള്ള ഒരു ശ്രമമാണ് ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗഷേൻ സ്കോളർഷിപ്പിലൂടെ ലക്ഷ്യമിടുന്നതെന്ന് ബാങ്കിന്റെ ചീഫ് ഹ്യൂമൻ റിസോഴ്സസ് ഓഫീസറായ എൻ രാജനാരായണൻ പറഞ്ഞു. അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കുമായി https://www.federal.bank.in/documents/d/guest/federalbankhormsimemorialfoundationscholarships-2025-26web-siteannouncementfinal എന്ന പോർട്ടൽ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾ ബാങ്കിന്റെ വെബ് സൈറ്റിലെ സി.എസ്.ആർ പേജിൽ ലഭ്യമാണ്. അപേക്ഷ നൽകേണ്ട അവസാന തീയതി 2025 ഡിസംബർ 31

# സൊമാറ്റോ ഡിസ്ട്രിക്ടും കൊട്ടക് മഹീന്ദ്ര ബാങ്കും കൈകോർക്കുന്നു

**കൊച്ചി:** സൊമാറ്റോയുടെ പ്ലാറ്റ്ഫോമായ 'ഡിസ്ട്രിക്ട്', കൊട്ടക് മഹീന്ദ്ര ബാങ്കുമായി സഹകരിച്ച്, ആഢംബര ഡൈനിംഗിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുന്നു. പ്രത്യേക പദവിയുള്ള അതിഥികൾ ഭക്ഷണവുമായും സംസ്കാരവുമായും ഇടപഴകുന്ന രീതിയെ ഉയർത്താൻ ലക്ഷ്യമിട്ടുള്ളതാണ് ഇത്. മിഷേലിൻസ്റ്റാർ പദവിയുള്ള പ്രശസ്ത പാചക വിദഗ്ധർക്കൊപ്പമുള്ള ചെറിയ ഷെഫ്സ് ടേബിളുകൾ മുതൽ, ലോകോത്തര മിക്സോളജി വിദഗ്ധർ ഒരുക്കുന്ന മികച്ച സായാഹ്ന വിരുന്നുകൾ വരെയുള്ള ഭക്ഷണ നിമിഷങ്ങളിലേക്ക് കൊട്ടക് സോളിറ്റയർ ക്രെഡിറ്റ് കാർഡ് വഴി പ്രത്യേക പ്രവേശനം ലഭിക്കുന്നു.

ക്യൂറേറ്റ് ചെയ്ത ഈ പരിപാടികളിലേക്കുള്ള ആദ്യ പ്രവേശനത്തിന് പുറമെ, കൊട്ടക് സോളിറ്റയർ ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾക്ക് ഡിസ്ട്രിക്ട് വഴി ഡൈനിംഗിൽ 20% വരെ ലാഭം (ഒരു ബില്ലിന് 5,000 രൂപ വരെ, മാസത്തിൽ രണ്ടുതവണ), ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ റെസ്റ്റോറന്റുകളിൽ മുൻഗണനാക്രമത്തിൽ ടേബിൾ പ്രവേശനം, ഒരു രൂപയ്ക്ക് പ്രത്യേകാവകാശങ്ങളുള്ള സൊമാറ്റോ ഗോൾഡ് അംഗത്വം എന്നിങ്ങനെ ആനുകൂല്യങ്ങളും ലഭിക്കും.ഡൈനിംഗ് ഒരു ഭക്ഷണം മാത്രമല്ല, അഭിരുചിയുടെയും സംസ്കാരത്തിന്റെയും സ്വത്വത്തിന്റെയും ആഘോഷമാണെന്നും ഡിസ്ട്രിക്ടുമായുള്ള ഈ പങ്കാളിത്തം അപൂർവവും അവിസ്മരണീയവുമായ നിമിഷങ്ങൾ സൃഷ്ടിക്കുന്നതിനാണെന്നും കൊട്ടക് മഹീന്ദ്ര ബാങ്ക്, അഫൽവന്റ് ആൻഡ് സാലറിഡ് പ്രൊപ്പോസിഷൻസ് മേധാവി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജ്യോതി സമാജ്പതി പറഞ്ഞു. കൊട്ടക്കുമായുള്ള സഹകരണത്തിലൂടെ, 'നാർമിഷേലിൻ സീരീസ്' പോലുള്ള ഇവന്റുകൾ സൃഷ്ടിക്കുക മാത്രമല്ല, ഇന്ത്യയുടെ ഫൈൻ ഡൈനിംഗ് സംസ്കാരത്തെ പുനർനിർവചിക്കാനും അസാധാരണ പാചക സഹകരണങ്ങൾ ഉപയോക്താക്കൾക്ക് കൂടുതൽ പ്രാപ്യമാക്കാനും ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുകയാണെന്ന് ഡിസ്ട്രിക്ട് ബൈ സൊമാറ്റോ വക്താവ് പറഞ്ഞു.

# പ്രമേഹ ഗവേഷകരുടെ ദേശീയ സമ്മേളനം കൊച്ചിയിൽ

**കൊച്ചി :** പ്രമേഹ രോഗ ചികിത്സാ ശാസ്ത്ര രംഗത്ത്, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സമ്മേളനങ്ങളിലൊന്നായ റിസർച്ച് സൊസൈറ്റി ഫോർ ദി സ്റ്റഡി ഓഫ് ഡയബറ്റിസ് ഇൻ ഇന്ത്യ (ആർ.എസ്.എസ്.ഡി.ഐ) യുടെ 53ാമത് ദേശീയ വാർഷിക സമ്മേളനത്തിന് കൊച്ചി വേദിയാകുന്നു. ഇന്നു മുതൽ 9 വരെ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന നാല് ദിവസത്തെ ദേശീയ ശാസ്ത്ര കോൺക്ലേവിൽ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള 7,000ത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. 14 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ദേശീയ ആർ.എസ്.എസ്.ഡി.ഐ സമ്മേളനം കേരളത്തിലേക്ക് തിരിച്ചെത്തുന്നത്.

പ്രമേഹ പ്രതിരോധം, ചികിത്സ, സാങ്കേതികവിദ്യ എന്നിവയിലെ ഏറ്റവും പുതിയ പുരോഗതികൾ പങ്കുവെക്കുന്നതിനായി പ്രമുഖ പ്രമേഹരോഗ വിദഗ്ധർ, ഡോക്ടർമാർ, ഗവേഷകർ, പോഷകാഹാര വിദഗ്ധർ, പ്രമേഹത്തെ കുറിച്ചുള്ള ബോധനം നൽകുന്നവർ, ആരോഗ്യപരിചരണ വിദഗ്ദ്ധർ, മെഡിക്കൽ വിദ്യാർത്ഥികൾ എന്നിവരെല്ലാം സമ്മേളനത്തിൽ പങ്കെടുക്കും. പ്ലീനറി സെഷനുകൾ, സിമ്പോസിയങ്ങൾ, വിദഗ്ദ്ധ പാനലുകൾ, പ്രായോഗിക വർക്ക്ഷോപ്പുകൾ, പബ്ലിക് ഫോറം എന്നിവയെല്ലാം സമ്മേളനത്തിന്റെ ഭാഗമായി ഉണ്ടാവും. സമ്മേളനത്തിനായി 328 സയന്റിഫിക് അബ്സ്ട്രാക്റ്റുകളാണ് ലഭിച്ചത്. അതിൽ 169 എണ്ണം നേരിട്ടുള്ള അവതരണങ്ങൾക്കും 107 എണ്ണം പോസ്റ്ററുകൾക്കുമായി തിരഞ്ഞെടുത്തു. ഏഴാം തിയതി നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയും ഡോ. ശശാങ്ക് ജോഷി വിശിഷ്ടാതിഥിയുമായിരിക്കും.

'ഹൃദയാഘാതം, വൃക്ക തകരാറ്, പക്ഷാഘാതം, വിഷാദം, കൈകാലുകൾ മുറിച്ചുമാറ്റൽ, ലൈംഗികശേഷിക്കുറവ്, അന്ധത എന്നിവയ്ക്കുള്ള പ്രധാന കാരണം പ്രമേഹമാണെന്ന് സംഘാടക സമിതി ചെയർമാൻ ഡോ. ജ്യോതിദേവ് കേശവദേവ് പറഞ്ഞു. ഈ രംഗത്ത് ശ്രദ്ധേയമായ ശാസ്ത്രീയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും, പ്രമേഹമുള്ളവരിൽ 10% ൽ താഴെ ആളുകൾക്ക് മാത്രമേ ഒഴിവാക്കാവുന്ന ഈ സങ്കീർണതകൾ തടയാൻ കഴിയുന്നുള്ളു. തെറ്റായ വിവരങ്ങൾ, ചികിത്സ അകാലത്തിൽ നിർത്തലാക്കൽ, ഭക്ഷണക്രമവും ശാരീരിക വ്യായാമവും പാലിക്കാത്തത്, മരുന്നുകളുടെ സുരക്ഷയെക്കുറിച്ചുള്ള അനാവശ്യമായ ഭയം എന്നിവ പലപ്പോഴും ഏറ്റവും മികച്ച പരിചരണത്തിന് തടസ്സമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു. തെറാപ്പിയിലും സാങ്കേതികവിദ്യയിലുമുള്ള മുന്നേറ്റങ്ങളിൽ നിന്ന് രോഗികൾക്ക് പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് തുടർച്ചയായതും, തെളിവുകൾ അടിസ്ഥാനമാക്കിയുള്ളതുമായ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചും ഡോക്ടർ ജ്യോതിദേവ് പറഞ്ഞു. ശാസ്ത്രീയ പുരോഗതിയെ രോഗികൾക്ക് മികച്ച ഫലമുണ്ടാവുന്ന വിധത്തിലേക്ക് മാറ്റിയെടുക്കാൻ ക്ലിനിക്കുകളെ പ്രാപ്തരാക്കുന്നതിന് മാർഗ്ഗനിർദ്ദേശാധിഷ്ഠിതവും പ്രായോഗികവുമായ പഠനം നൽകുന്നതാണ് ഈ സമ്മേളനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്ലിനിക്കൽ പ്രമേഹ മാനേജ്മെന്റ്, ടൈപ്പ് വൺ പ്രമേഹം, ഗർഭകാല പ്രമേഹം, ഫാർമക്കോതെറാപ്പി, ഡിജിറ്റൽ ഹെൽത്ത്, എ.ഐ, സാങ്കേതികവിദ്യ, ഉപാപചയ പ്രവർത്തനവും പൊണ്ണത്തടിയും മാനേജ് ചെയ്യുന്ന രീതികൾ, പോഷകാഹാര ശാസ്ത്രം, പ്രതിരോധ തന്ത്രങ്ങൾ, പൊതുജനാരോഗ്യ നയം, പ്രമേഹത്തിന്റെ മാനസികാരോഗ്യ വശങ്ങൾ എന്നിവയെല്ലാം ശാസ്ത്രീയ സെഷനുകളിൽ വിഷയമാകും. ഡോ. അനിത നമ്പ്യാർ (ഓർഗനൈസിംഗ് സെക്രട്ടറി), ഡോ. അനുജ് മഹേശ്വരി (നാഷണൽ സയന്റിഫിക് ചെയർമാൻ), ഡോ. റഫീഖ് മുഹമ്മദ് (ട്രഷറർ) എന്നിവരാണ് മറ്റു സംഘാടക സമിതി അംഗങ്ങൾ

# ആക്സിയ ഹാക്കത്തോൺ 2025: ഐ.ഐ.ടി പാട്ന ജേതാക്കൾ

**തിരുവനന്തപുരം:** വാഹനസോഫ്ട്വെയർ നിർമാതാക്കളായ ആക്സിയ ടെക്നോളജീസ് സംഘടിപ്പിച്ച, ആക്സിയ ഹാക്കത്തോൺ 2025ൽ ഐ.ഐ.ടി പാട്ന വിജയികളായി. തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് ത്രീ ക്യാമ്പസിലാണ്, 24 മണിക്കൂർ നീണ്ടുനിന്ന ദേശീയ ഇന്നൊവേഷൻ ചാലഞ്ച് മത്സരം അരങ്ങേറിയത്. ഭാവിയിലെ മൊബിലിറ്റിക്കായി എ.ഐ,എം.എൽ. സൊല്യൂഷനുകൾ രൂപകൽപ്പന ചെയ്യുന്നതുമായി ബന്ധപ്പെട്ട മത്സരത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവപ്രതിഭകൾ പങ്കെടുത്തു. അഞ്ച് ഐ.ഐ.ടികൾ ഉൾപ്പടെ, 92 മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി, മുന്നൂറിൽ അധികം രജിസ്ട്രേഷനുകളാണ് ലഭിച്ചത്. 24 വിദ്യാർത്ഥികൾ ഉൾപ്പെട്ട 14 ടീമുകളാണ് ഫൈനൽ റൗണ്ടിൽ മത്സരിച്ചത്. ഐ.ഐ.ടി. പട്നയിൽ നിന്നുള്ള ആദിത്യൻ വി.പി. ഒന്നാം സമ്മാനം നേടി. ജിറ, ഗിറ്റ്ഹബ്, ടീംസ് എന്നിവയെ ഏകീകരിച്ച്, ഇന്റലിജന്റ് ഓട്ടോമേഷനിലൂടെ റിസ്കുകൾ പ്രവചിക്കാനും, വർക് ലോഡ് ഒപ്റ്റിമൈസ് ചെയ്യുന്നതിനും സഹായിക്കുന്ന എ.ഐ അധിഷ്ഠിത കോ–പൈലറ്റാണ് ആദിത്യൻ വികസിപ്പിച്ചത്.

സൗകര്യം, വിനോദം, സുരക്ഷ എന്നിവയെ തത്സമയം വ്യക്തിഗതമാക്കുന്ന, ജനറേറ്റീവ് ഇൻകാർ അസിസ്റ്റന്റായ സ്മാർട്ട്കോക്ക്പിറ്റ് എ.ഐ അവതരിപ്പിച്ച ചെന്നൈ അമൃത വിശ്വ വിദ്യാപീഠത്തിലെ എസ്.ശ്രീധരൻ രണ്ടാം സമ്മാനം നേടി. തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഗ്ലെൻ മാത്യൂസ്, നന്ദന മുരളി എന്നിവർക്കാണ് മൂന്നാം സ്ഥാനം. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ടീമുകളെ രൂപീകരിക്കുന്നതിനായി സഹായിക്കുന്ന, ജനറേറ്റീവ് എ.ഐ. അധിഷ്ഠിത പ്രോജക്ട് സ്റ്റാഫിംഗ് അസിസ്റ്റന്റായ, മാച്ച്മേക്കർ എ.ഐ വികസിപ്പിച്ചതിനാണ് അവാർഡ്. എ.ഐ. അടിസ്ഥാനമാക്കിയുള്ള ടീം രൂപീകരണ സൊല്യൂഷനായ വിസാർഡ് എ.ഐ അവതരിപ്പിച്ച ചെന്നൈ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ എം. ശ്രീകാന്ത്, എൻ. ഗിരിധർ എന്നിവർക്ക് പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു. ഇന്നോവേഷൻ എന്നത്, ഇറക്കുമതി ചെയ്യുന്ന ഒന്നല്ല, മറിച്ച് അന്തർലീനമാണെന്ന് റിട്ടയേർഡ് പ്രൊഫസറും, എഴുത്തുകാരനും, പണ്ഡിതനും, സിഡിറ്റ് മുൻ ഡയറക്ടറുമായ ഡോ. അച്യുത്ശങ്കർ എസ്. നായർ പറഞ്ഞു. ഒരു പ്രശ്നത്തെ മനസ്സിലാക്കി, അതിന് ലളിതവും പ്രായോഗികവുമായ പരിഹാരം കണ്ടെത്താനുള്ള കഴിവിലാണ് യഥാർത്ഥ സൃഷ്ടിപരത്വം നിലകൊള്ളുന്നത്. ആക്സിയ ഹാക്കത്തോൺ അതിനെയാണ് ആഘോഷിക്കുന്നത് എന്നും അദ്ദേഹം വ്യക്തമാക്കി.




ട്രെസ്റ്റ് റിസർച്ച് പാർക്ക് സി.ഇ.ഒ ഡോ. രാജശ്രീ എം.എസ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള ഡീൻ (അക്കാദമിക്) പ്രൊഫസർ എസ്. അഷ്റഫ് എന്നിവരായിരുന്നു മത്സരത്തിന്റെ വിധികർത്താക്കൾ. ഫായാ മാനേജിംഗ് ഡയറക്ടറും മ്യുലേൺ ചീഫ് വളണ്ടിയറുമായ ദീപു എസ്. നാഥ്, ആക്സിയ ടെക്നോളജീസ് എഞ്ചിനീയറിംഗ് വൈസ് പ്രസിഡന്റ് എസ്. അനിൽ, ന്യൂ ഇനിഷ്യേറ്റീവ്സ് വൈസ് പ്രസിഡന്റ് ആർ. രജീഷ്, ആക്സിയ ടെക്നോളജീസ് കമ്പനിയുടെ സ്ഥാപകനും സി.ഇ.ഒയുമായ ജിജിമോൻ ചന്ദ്രൻ തുടങ്ങിയവരും അവാർഡ് ദാന ചടങ്ങിൽ സന്നിഹിതരായിരുന്നു. വിജയികൾക്ക് യഥാക്രമം 50,000, 25,000, 15,000 രൂപയും, വിവിധ സമ്മാനങ്ങളും ആക്സിയ സമ്മാനിച്ചു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകളും സമ്മാന കിറ്റുകളും നൽകി. മ്യുലേർൺ, ഐ.ഇ.ഇ.ഇ. കേരളാ സെക്ഷൻ എന്നിവയുമായി സഹകരിച്ചാണ് ഹാക്കത്തോൺ സംഘടിപ്പിച്ചത്.

# തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ്: 'പോൾ മാസ്റ്റർ' ആപ്പുമായി സ്റ്റാർട്ട് അപ്പ് കമ്പനി

**കൊച്ചി:** തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും മുന്നണികൾക്കും മികച്ച രീതിയിൽ തെരഞ്ഞെടുപ്പ് പ്രചാരണവും പോളിംഗ് മാനേജ്മെന്റും നടപ്പാക്കുന്നതിനുള്ള ആപ്പ് ' പോൾ മാസ്റ്റർ ' ഗൂഗ്ൾ പ്ലേസ്റ്റോറിലും ആപ്പിൾ സ്റ്റോറിലുമെത്തിയെന്ന് ആപ്പ് വികസിപ്പിച്ചെടുത്ത കൊച്ചി ആസ്ഥാനമായ സ്റ്റാർട്ടപ്പ് ബർഫിയിംഗ് ഇന്ത്യ സ്ഥാപകനും എംഡിയുമായ സി. എ ഇല്ലിയാസ് എറണാകുളം പ്രസ് ക്ലബിൽ നടന്ന വാർത്താസമ്മേളനത്തിൽ പറഞ്ഞു. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന, ജില്ലാ, തദ്ദേശ തലങ്ങളിലുള്ള നേതാക്കൾ മുതൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് തെരഞ്ഞെടുപ്പുകളിലെ സ്ഥാനാർത്ഥികൾ വരെയുള്ളവർക്കും ഏറ്റവും അടിത്തട്ടിലുള്ള ബൂത്തു തല പ്രവർത്തകർക്കും ഉപയോഗിക്കാനാകും വിധമാണ് പോൾ മാസ്റ്റർ ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഇല്ലിയാസ് പറഞ്ഞു.

അതത് ഡിവിഷനുകളിലേയും വാർഡുകളിലേയും വോട്ടർമാരുടെ വിവരങ്ങൾ ആപ്പിൽ ലഭ്യമാണ്. ഇതുപയോഗിച്ച് തെരഞ്ഞെടുപ്പിനു മുമ്പും തെരഞ്ഞെടുപ്പുദിനത്തിലുമുള്ള പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവും പേപ്പർരഹിതവുമാക്കാമെന്ന് ഇല്ലിയാസ് പറഞ്ഞു. പ്രചാരണം പുരോഗമിക്കുന്ന സമയത്തെ ട്രെൻഡുകൾ സ്വരൂപിക്കാനും കൂടുതൽ ശ്രദ്ധ ആവശ്യമായ ബൂത്തുകൾ ഏതെന്നറിയാനും ആപ്പിൽ സൗകര്യമുണ്ട്. വോട്ടറുടെ പേരോ പിതാവിന്റെ പേരോ വീട്ടുപേരോ വീടിന്റെ നമ്പറോ ഉപയോഗിച്ച് സെർച്ചു ചെയ്ത് വോട്ടേഴ്സ് ലിസ്റ്റിൽ പേരുണ്ടെന്ന് ഉറപ്പ് വരുത്താനും പോളിംഗ് ദിവസം വോട്ടേഴ്സ് സ്ലിപ് വാട്സ്ആപ്പ് മുഖേന വോട്ടർക്ക് അയക്കുന്നതിനും ആപ്പിൽ സൗകര്യമുണ്ടെന്ന് ബർഫിയിംഗ് ഇന്ത്യ സി.ടി.ഒ എസ്. വിവിൽ രാജ് പറഞ്ഞു.

പോളിംഗ് ദിവസം എത്ര പേർ വോട്ടു ചെയ്തു കഴിഞ്ഞെന്നുള്ള വിവരം തത്സമയം ലഭ്യമാക്കാനും പോൾ ചെയ്യപ്പെടുന്ന ഓരോ വോട്ടും തങ്ങൾക്ക് ലഭിക്കാൻ സാധ്യതയുണ്ട്, ഇല്ല എന്ന് രേഖപ്പെടുത്താനും അതു വഴി പ്രായോഗികമായ കണക്കുകൂട്ടൽ നടത്തി വിലയിരുത്തലുകൾ നടത്താനും ആപ്പ് സഹായിക്കും. പ്രചാരണ സമയത്ത് ഏതെല്ലാം വീടുകൾ സന്ദർശിച്ചെന്നും ഏതെല്ലാം വോട്ടുകളാണ് അനുകൂല, പ്രതികൂല, നിക്ഷ്പക്ഷ സാധ്യതയുള്ളവയെന്നു കണക്കാക്കി അതിനനുസരിച്ച് പ്രചാരണം മെച്ചപ്പെടുത്താനും ആപ്പ് തുണയാകും.

ഏറ്റവും നൂതനമായ സ്മാർട്ട് എ.ഐ അസിസ്റ്റന്റ് സംവിധാനത്തിലൂടെ ഉപയോക്താക്കളുടെ ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് നിമിഷങ്ങൾക്കുള്ളിൽ ആപ്പ് ഉത്തരം നൽകും. ഉപയോക്താക്കൾക്കാവശ്യമുള്ള റിപ്പോർട്ടുകളും ഡേറ്റയും തൽസമയം നൽകാനും ആപ്പിൽ സംവിധാനമുണ്ടെന്നും വിവിൽ രാജ് കൂട്ടിച്ചേർത്തു. മാർക്കറ്റിംഗ് ഹെഡ് ടി. ഫാസിലും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കേബിൾസ്മിത്തിൽ നിക്ഷേപം നടത്തി ഐഐഐടിബി കോമെറ്റ് ഫൗണ്ടേഷൻ

**കൊച്ചി:** ഡീപ്ടെക് സ്റ്റാർട്ടപ്പായ കേബിൾസ്മിത്തിൽ നാഷനൽ മിഷൻ ഓൺ ഇന്റർഡിസിപ്ലിനറി സൈബർഫിസിക്കൽ സിസ്റ്റംസിനു (എൻഎംഐസിപിഎസ്) കീഴിലുള്ള ഐഐഐടിബി കോമെറ്റ് ഫൗണ്ടേഷൻ 50 ലക്ഷം രൂപ നിക്ഷേപിച്ചു. ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനി പാച്ചിംഗ്, ടെസ്റ്റിംഗ്, മോണിട്ടറിംഗ് എന്നീ ഫൈബർ നെറ്റ് വർക്ക് പ്രവർത്തനങ്ങൾ ഓട്ടോമേറ്റു ചെയ്യുന്ന സ്മാർട് ഒപ്റ്റിക്കൽ കേബിൾ മാനേജ്മെന്റ് പ്ലാറ്റ്ഫോമുകളുടെ വികസന രംഗത്താണ് പ്രവർത്തിക്കുന്നത്. എഐ, ഫോട്ടോണിക്സ്, പ്രെസിഷൻ മെക്കാനിക്കൽ സിസ്റ്റങ്ങൾ എന്നിവയെ സംയോജിപ്പിക്കുകയെന്ന സങ്കീർണ പ്രവർത്തനമാണ് ഈ പ്ലാറ്റ്ഫോം നിർവഹിക്കുന്നതെന്ന് മുഹമ്മദ് റമീഷ് പറഞ്ഞു.

ടെലികോം, ബ്രോഡ്ബാൻഡ് ഓപ്പറേറ്റർമാരുടെ നെറ്റ് വർക്ക് അപ്ടൈമും പ്രവർത്തനമികവും മെച്ചപ്പെടുത്തുന്നതിലാണ് ഇവയുടെ ഉപയോഗം. കോഴിക്കോട് സ്വദേശി മുഹമ്മദ് റമീഷും കണ്ണൂർ സ്വദേശി രാഗേഷ് പുതുശ്ശേരിയും പ്രൊമോട്ടു ചെയ്യുന്ന ഡീപ്ടെക് സ്റ്റാർട്ടപ്പാണ് കേബിൾസ്മിത്ത്. ഒപ്റ്റിക്കൽ ക്രോസ് കണക്ഷനിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള ഒരു പേറ്റന്റും കമ്പനിക്കുണ്ടെന്ന് രാഗേഷ് പുതുശ്ശേരി പറഞ്ഞു. മൾട്ടി ഓപ്പറേറ്റർ ഫൈബർ പങ്കിടൽ സാധ്യമാക്കിക്കൊണ്ട് ഫൈബർ അടിസ്ഥാനസൗകര്യ വികസനരംഗത്ത് മൂ



ലധന നിക്ഷേപവും പ്രവർത്തന നിക്ഷേപവും ഗണ്യമായി കുറയ്ക്കുന്ന നിർണായക സാങ്കേതികവിദ്യയാണിത്.കമ്പനിയിൽ ഇപ്പോൾ 50 ലക്ഷം രൂപ നിക്ഷേപിച്ച ഐഐഐടി ബി കോമെറ്റ് ഫൗണ്ടേഷൻ അതിനൂതന കമ്യൂണിക്കേഷൻ സിസ്റ്റങ്ങളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ടെക്നോളജി ഇന്നവേഷൻ ഹബ്ബാണ്. കർണാടക സംസ്ഥാന ഇലക്ട്രോണിക്സ്, ഐടി വകുപ്പിന്റെ എലിവേറ്റ് 2023 അവാർഡ് ജേതാവും കേന്ദ്ര ടെലികോം മന്ത്രാലയും സംഘടിപ്പിച്ച 5ജി, 6ജി ഹാക്കത്തോണിലെ ദേശീയ ജേതാക്കളിലൊരാളുമാണ് കേബിൾസ്മിത്ത്.

# ഹ്യുണ്ടായി പുതിയ വെന്യു പുറത്തിറക്കി

**കൊച്ചി:** പ്രമുഖ വാഹന നിർമ്മാതാക്കളായ ഹ്യുണ്ടായി ഇന്ത്യ പുതിയ വെന്യു പുറത്തിറക്കി. 7.90 ലക്ഷം രൂപയാണ് (എക്സ്ഷോറൂം) പ്രാരംഭ വില. എട്ട് വകഭേദങ്ങളിലും എട്ട് നിറങ്ങളിലും ഈ മോഡൽ ലഭ്യമാണ്. കൂടാതെ ഉപഭോക്താക്കൾക്ക് മൂന്ന് പവർട്രെയിൻ ഓപ്ഷനുകളിൽ ഒന്ന് തെരഞ്ഞെടുക്കാനും കഴിയും. പുതിയ ഫ്രണ്ട്, റിയർ ബമ്പറുകൾ, പുതിയ എൽ.ഇ.ഡി ഹെഡ്ലാമ്പുകൾ, ഡി.ആർ.എൽ, ടെയിൽ ലൈറ്റുകൾ, പുതിയ ഗ്രിൽ, പുതിയ 17 ഇഞ്ച് ഡ്യുവൽടോൺ അലോയ് വീലുകൾ എന്നിവയുമായാണ് പുതിയ ഹ്യുണ്ടായി വെന്യു വിപണിയിൽ എത്തിയത്.




ടെയിൽഗേറ്റിൽ വെന്യു എന്ന് എഴുതിയതിന് അരികിൽ എൽ.ഇ.ഡി ലൈറ്റ് ബാർ ഉണ്ട്. ഹാസൽ ബ്ലൂ, മിസ്റ്റിക് സഫയർ, അറ്റ്ലസ് വൈറ്റ്, ടൈറ്റാൻ ഗ്രേ, ഡ്രാഗൺ റെഡ്, അബിസ് ബ്ലാക്ക്, അബിസ് ബ്ലാക്ക് റൂഫുള്ള ഹേസൽ ബ്ലൂ, അബിസ് ബ്ലാക്ക് റൂഫുള്ള അറ്റ്ലസ് വൈറ്റ് എന്നിങ്ങനെ എട്ട് നിറങ്ങളിൽ പുതിയ ഹ്യുണ്ടായി വെന്യു ലഭ്യമാണ്

# ഒക്ടോബറിൽ 9675 യൂണിറ്റുകളുടെ വിൽപ്പന നേടി നിസാൻ

**കൊച്ചി:** ഒക്ടോബറിൽ മൊത്തം 9675 യൂണിറ്റുകളുടെ വിൽപ്പന നേടി നിസാൻ മോട്ടോർ ഇന്ത്യ. നിസാൻ മാഗ്നൈറ്റിനുള്ള മികച്ച ഡിമാൻഡിന്റെ പിന്തുണയോടെ 2402 യൂണിറ്റ് ആഭ്യന്തര വില്പനയും കയറ്റുമതി 7273 യൂണിറ്റിലുമെത്തി.
അടുത്ത വർഷം ഇന്ത്യയിൽ അവതരിപ്പിക്കാനൊരുങ്ങുന്ന പുതിയ സിഎസ്‌യുവിയായ നിസാൻ ടെക്റ്റോണും ഒപ്പം 7 സീറ്റർ ബിഎംപിവി, 7 സീറ്റർ സിഎസ്‌യുവി എന്നിവയും വരാനിരിക്കുന്ന നിസാൻ ലോഞ്ചുകളാണ്.

# ഇന്ത്യ പ്രോ റെസ്‌ലിങ്ങ് ലീഗ് 2026 ജനുവരിയിൽ




**ന്യൂഡൽഹി:** ഇന്ത്യൻ പ്രോ റെസ്‌ലിങ്ങ് ലീഗ് വീണ്ടും ആരംഭിക്കുന്നു. ജനുവരി പകുതിയോടെ നടക്കുന്ന ലീഗിന്റെ ഔദ്യോഗിക പ്രഖ്യാപനം റെസ്‌ലിങ്ങ് ഫെഡറേഷൻ ഓഫ് ഇന്ത്യ നടത്തി. ഇന്ത്യക്ക് പുറമെ, റഷ്യ, കസാക്ക്സ്ഥാൻ എന്നീ രാജ്യങ്ങളിലെ അന്താരാഷ്ട്ര താരങ്ങൾ റെസ്‌ലിങ്ങ് ലീഗിൽ പങ്കെടുക്കും. ഒളിംപിക്സ്, ഏഷ്യൻ ഗെയിംസ് എന്നീ അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടാൻ പുതുതലമുറക്ക് ഇതൊരു പരിശീലനവേദിയാകുമെന്ന് റെസ്‌ലിങ്ങ് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡ് സഞ്ജയ് കുമാർ സിങ്ങ് പറഞ്ഞു.

2019ലാണ് അവസാനമായി പ്രോ റെസ്‌ലിങ്ങ് ലീഗ് നടന്നത്. ഫ്രാഞ്ചൈസി മാതൃകയിലാണ് പ്രോ റെസ്‌ലിങ്ങ് ലീഗ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മറ്റ് ലീഗുകളിലെ വിജയമാതൃക പോലെ സ്വകാര്യ സ്ഥാപനങ്ങൾക്കും നിക്ഷേപകർക്കും ടീമുകളെ സ്വന്തമാക്കാൻ അവസരം ലഭിക്കുമെന്നും പ്രോ റെസ്‌ലിങ്ങ് ലീഗ് ചെയർമാനും പ്രമോട്ടറുമായ ദയാൻ ഫാറൂഖി പറഞ്ഞു. മത്സര ഷെഡ്യൂളുകളും ഫ്രാഞ്ചൈസി വിവരങ്ങളും വൈകാതെ പുറത്തിറക്കും. ഡബ്ല്യുഎഫ്ഐ മുൻ പ്രസിഡന്റ് ബ്രിജ് ഭൂഷൺ ശരൺ സിംഗ്, പ്രോ റെസ്‌ലിങ്ങ് ലീഗ് സിഇഒ അഖിൽ ഗുപ്ത, പ്രോ റെസ്‌ലിംഗ് ലീഗ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സുമിത് ദുബെ എന്നിവരും പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.

# തൃപ്പൂണിത്തുറ റോട്ടറി പൈതൃകം: കലാകാരന്മാരെ ആദരിച്ചു



**തൃപ്പൂണിത്തുറ:** റോട്ടറി ക്ലബ് തൃപ്പൂണിത്തുറയുടെ 13-ാം പൈതൃകം 2025 പരിപാടി ലായം കൂത്തമ്പലത്തിൽ നടന്നു. കഥാപ്രസംഗ കലാകാരൻ മധുരിമ ഉണ്ണികൃഷ്ണന് പൈതൃകം 2025 പുരസ്കാരം നൽകി ആദരിച്ചു. സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രതിഭ തെളിയിച്ച ക്ലബ് അംഗം രാമചന്ദ്രൻ രാജശേഖരൻ, ആർ എസ് കുറുപ്പ് എന്നിവരെയും ചടങ്ങിൽ ആദരിച്ചു. റോട്ടറി ഡിസ്ട്രിക്ട് 3205 ഗവർണർ ഡോ. ജി.എൻ രമേഷ് മുഖ്യാതിഥി ആയിരുന്നു.

പ്രസിഡന്റ് പി. ഐ രാധാകൃഷ്ണൻ, അസിസ്റ്റന്റ് ഗവർണർ സിജോ തോമസ്, പൈതൃകം സംഘാടക സമിതി അധ്യക്ഷ ഗീത സുരേഷ്, മധുരിമ ഉണ്ണികൃഷ്ണൻ, സെക്രട്ടറി സുജേഷ് സത്യൻ എന്നിവർ സംസാരിച്ചു. തുടർന്ന് മധ്യതിരുവിതാം കൂറിലെ അനുഷ്ഠാന കലയായ പടയണി, ഗോത്രകലാ പടയണി ഫൗണ്ടേഷൻ, കൂരമ്പാല അവതരിപ്പിച്ചു. അന്യം നിന്ന് പോകുന്ന കലാരൂപങ്ങളുടെ അവതരണത്തിന് വേദിയൊരുക്കുകയും വിസ്മൃതിയിലായിക്കൊണ്ടിക്കുന്ന കലകളുടെ വക്താക്കളായ കലാകാരന്മാരെ ആദരിക്കുന്നതിനും സഹായിക്കുന്നതിനുമാണ് തൃപ്പൂണിത്തുറ റോട്ടറി പൈതൃകം ഇന്നലെയിൽ നിന്ന് ഇന്നിലേക്ക് പരിപാടി വിഭാവനം ചെയ്തത്.

# ദുബായ് ഫിറ്റ്നസ് ചലഞ്ച് 2025 ആരംഭിച്ചു



**ദുബായ്:** ദുബായ് ഫിറ്റ്നസ് ചലഞ്ചിന്റെ ഒമ്പതാം എഡിഷനായ ദുബായ് ഫിറ്റ്നസ് ചലഞ്ച് 2025 ഈ മാസം ഒന്നിന് ആരംഭിച്ചു. 'നിങ്ങളിലെ വെല്ലുവിളി കണ്ടെത്തുക' എന്ന തീമിൽ നടക്കുന്ന ചലഞ്ച് ഈ മാസം 30 ന് സമാപിക്കും. ദുബായിലുടനീളമുള്ള സൗജന്യ ഫിറ്റ്നസ് ഗ്രാമങ്ങൾ, കമ്മ്യൂണിറ്റി ഹബ്ബുകൾ തുടങ്ങിയവയിൽ നടക്കുന്ന ചലഞ്ച് യോഗ മുതൽ സൈക്ലിംഗ് വരെയുള്ള പരിശീലനങ്ങളിലൂടെ ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്താനും പ്രതിദിനം 30 മിനിറ്റ് വ്യായാമം ചെയ്യാനും ആഹ്വാനം ചെയ്യുന്നു.

ചലഞ്ചിൽ പങ്കെടുക്കുന്നവർക്ക് തങ്ങളുടെ കായികക്ഷമത തിരിച്ചറിയാനും മെച്ചപ്പെടുത്താനും സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന സൗജന്യ വർക്കൗട്ടുകൾ, ഗ്രൂപ്പ് സെഷനുകൾ, വെൽനസ് ഇവന്റുകൾ എന്നിവയും ഫിറ്റ്നസ് വില്ലേജുകളിലും കമ്മ്യൂണിറ്റി ഹബ്ബുകളിലും വിദഗ്ദ്ധ പരിശീലകർ നയിക്കുന്ന ആയിരക്കണക്കിന് ക്ലാസുകളും ഉണ്ടാകും, കുടുംബങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മുതിർന്നവർ എന്നിവർക്ക് അനുയോജ്യമായ രീതിയിലാണ് ക്ലാസുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

ഡിപി വേൾഡ് ദുബായ് റൈഡ് (നവംബർ 2), മായ് ദുബായ് ദുബായ് റൺ (നവംബർ 23), ആർടിഎ ദുബായ് സ്റ്റാൻഡ്അപ്പ് പാഡിൽ (നവംബർ 8,9), ദുബായ് യോഗ (നവംബർ 30) എന്നിവ കൂടാതെ ദുബായ് പ്രീമിയർ പാഡൽ പി 1 (നവംബർ 9,16), ദുബായ് ടി 100 ട്രയാത്ത്ലോൺ (നവംബർ 15,16), ഡിപി വേൾഡ് ടൂർ ചാമ്പ്യൻഷിപ്പ് (നവംബർ 13,16), ബേസ്ബോൾ യുണൈറ്റഡ് സീസൺ വൺ (നവംബർ 25,26), ഐക്കണിക് എമിറേറ്റ്സ് എയർലൈൻ ദുബായ് റഗ്ബി സെവൻസ് (നവംബർ 28,30) എന്നിവയുൾപ്പെടെ ലോകോത്തര അന്താരാഷ്ട്ര കായിക മത്സരങ്ങൾ ദുബായ് ഫിറ്റ്നസ് ചലഞ്ച് 2025ന്റെ ഭാഗമായി നടക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ www.dubaifitnesschallenge.com-ൽ സൗജന്യമായി രജിസ്റ്റർ ചെയ്യുക.

# 14 മണിക്കൂർ 19 മിനിറ്റ്; അയൺമാൻ ട്രയാത്‌ലൺ ചാലഞ്ച് പൂർത്തിയാക്കി ജോമി ജേക്കബ്



**കൊച്ചി:** ലോകത്തിലെ ഏറ്റവും കഠിനമായ ഏകദിന കായികക്ഷമത പരീക്ഷണമെന്നു വിലയിരുത്തുന്ന അയൺമാൻ ട്രയാത്‌ലൺ ചാലഞ്ച് പൂർത്തിയാക്കി ഇന്ത്യൻ റവന്യൂ സർവ്വീസ് ഉദ്യോഗസ്ഥനായ ജോമി ജേക്കബ്. മലേഷ്യയിലെ ലങ്കാവിയിൽ നടന്ന അയൺ മാൻ ട്രയാത്‌ലൺ 14 മണിക്കൂർ 19 മിനിറ്റു കൊണ്ടാണു ജോമി ജേക്കബ് പൂർത്തിയാക്കിയത്.

തിരുവനന്തപുരം മേഖല സെൻട്രൽ ജി.എസ്.ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മിഷണർ ഓഫിസിലെ അഡീഷനൽ കമ്മിഷണറാണു ജോമി. ആൻഡമാൻ കടലിലൂടെ 3.8 കിലോമീറ്റർ നീന്തൽ, മലനിരകളിലൂടെ 180 കിലോമീറ്റർ സൈക്ലിങ്, 42.2 കിലോമീറ്റർ മാരത്തൺ ഓട്ടം. എന്നിവ ഉൾപ്പെടുന്നതാണ് അയൺ മാൻ ട്രായത്‌ലൺ ചലഞ്ച് . കടുത്ത ചൂടും, ഉയർന്ന ഈർപ്പവും നിറഞ്ഞ അന്തരീക്ഷവും കുത്തനെയുള്ള മലനിരകളിലൂടെ സൈക്ലിങ്ങും ഉൾപ്പെടെയുള്ള പ്രതിസന്ധികളെ അതിജീവച്ചു ദൗത്യം പൂർത്തിയാക്കുകയെന്നതാണു വെല്ലുവിളി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കടുത്ത പരിശീലനത്തിനു ശേഷമാണു ജോമി അയൺമാൻ ചലഞ്ചിൽ പങ്കെടുത്തത്. നീന്തൽ പരിശീലനം പുതുവൈപ്പ് ബീച്ചിലും, സൈക്ലിങ് പരിശീലനം കുളമാവ്, കല്ലൂർകാട് മേഖലകളിലുമാണ് നടത്തിയത്.

മികച്ച പ്രകടനം കാഴ്ച വെച്ച് കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ തിരിച്ചെത്തിയ ജോമി ജേക്കബിന് വിപുലമായ സ്വീകരണം നൽകി. ഇന്റർനാഷണൽ താരങ്ങളായ കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ റോയ് വർഗീസ്, ചീഫ് പ്രോട്ടോക്കോൾ ഓഫീസർ യൂസഫ് കെ. ഇബ്രാഹിം തുടങ്ങിയവർ ചേർന്ന് ജോമി ജേക്കബിന് സ്വീകരണം നൽകി.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com